**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5852** **25-03-2025 - ൽ മറുപടിയ്ക്ക്**

**പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | നിലവിൽ സംസ്ഥനത്ത് എത്ര പൊതുമേഖലാ സ്ഥാപനങ്ങളുണ്ടെന്നും അവയുടെ പ്രവർത്തനങ്ങൾ കാലകാലങ്ങളിൽ മോണിട്ടർ ചെയ്യുന്നതിനായി എന്തെല്ലാം ക്രമീകരണങ്ങൾ നിലവിലുണ്ടെന്നും വ്യക്തമാക്കാമോ; | (എ) | **എ റിവ്യൂ ഓഫ് പബ്ലിക് എന്റർപ്രൈസസ് ഇൻ കേരള 2023-2024 പ്രകാരം 131 പൊതുമേഖലാ സ്ഥാപനങ്ങൾ നിലവിൽ ഉണ്ട്.**<br><br>പൊതുമേഖലാ സ്ഥാപനങ്ങളുടെ വാർഷിക സാമ്പത്തിക, പ്രവർത്തന പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ, ആസൂത്രണ സാമ്പത്തിക കാര്യ (ബിപിഇ) വകുപ്പ് വർഷം തോറും "A Review of Public Enterprises in Kerala” എന്ന പേരിൽ പ്രസിദ്ധീകരിക്കുന്ന റിപ്പോർട്ട്, സംസ്ഥാനത്തെ പൊതുമേഖലാസ്ഥാപനങ്ങളെ സംബന്ധിച്ച് ഒരു അവലോകനം നൽകുന്നു. സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ മേഖല തിരിച്ചുള്ള പ്രകടനങ്ങൾ വിശകലനം ചെയ്യുന്നതിനു പുറമേ, ഓരോ സംരംഭത്തിന്റെയും ലക്ഷ്യങ്ങളെക്കുറിച്ചും തൊഴിൽ, ഫിസിക്കൽ പെർഫോമൻസ് എന്നിവയെ സംബന്ധിച്ചും റിപ്പോർട്ട് വിശദീകരിക്കുന്നു.<br><br>പൊതുമേഖലാസ്ഥാപനങ്ങളെ സംരക്ഷിച്ച നിലനിർത്തുക എന്ന സർക്കാർ നയത്തിന്റെ ഭാഗമായി പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും മത്സരക്ഷമത ഉറപ്പു വരുത്തുന്നതിനുമായി ഓരോ സ്ഥാപനത്തിനും ഹ്രസ്വ /ഇടക്കാല /ദീർഘകാല പദ്ധതികൾ ആവിഷ്കരിച്ച നടപ്പിലാക്കി വരുന്നു.<br><br>ധനകാര്യ വകുപ്പിന്റെ GO(P) No. 131/2022/Fin dated 29/10/2022 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം, കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിൽ നിലവിലുള്ളതുപോലെ സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിലും Memorandum of Understanding (MoU) സിസ്റ്റം നടപ്പിലാക്കുന്നതിന്റെ ഭാഗമായി എല്ലാ പൊതുമേഖലാ സ്ഥാപനങ്ങൾക്കും പരിശീലന പരിപാടി നടപ്പിലാക്കി വരുന്നു. |

പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തി ലാഭകരമാക്കുന്നതിന്റെ ഭാഗമായി ഓരോ സ്ഥാപനങ്ങളുടെയും ബിസിനസ്സ് പ്ലാനും MoUഉം ഇതിനോടകം തയ്യാറാക്കി നടപ്പിലാക്കിവരുന്നു. ഇത് നടപ്പിലാക്കുന്നതിന്റെ പുരോഗതി മാസം തോറും അവലോകനം ചെയ്യുന്നതിനായി ഒരു ഇന്റർനെറ്റ് അധിഷ്ഠിത മോണിറ്ററിംഗ് സംവിധാനം വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ബി.പി.റ്റി മുഖേന നടപ്പിലാക്കിയിട്ടുണ്ട്. മാസം തോറുമുള്ള പ്രവർത്തന അവലോകനത്തെ അടിസ്ഥാനമാക്കി വ്യവസായ വകുപ്പ് മന്ത്രി തലത്തിലും, പ്രിൻസിപ്പൽ സെക്രട്ടറി തലത്തിലും അവലോകനം നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്.

മേൽ ഉത്തരവ് പ്രകാരം പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പൊതുവായ ഒരു ശമ്പള പരിഷ്കരണ ചട്ടക്കൂട് നിഷ്കർഷിച്ച് അവയെ A,B,C,D എന്നിങ്ങനെ 4 വർഗ്ഗം/പട്ടിക തിരിച്ച് വർഗ്ഗീകരണം നടത്താൻ തീരുമാനമെടുത്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ നിലവിൽ 45 പൊതുമേഖലാ സ്ഥാപനങ്ങളുടെ വർഗ്ഗീകരണം പൂർത്തിയായിട്ടുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന ക്ഷമത വർദ്ധിപ്പിക്കുന്നതിനായി അവയുടെ പ്രശ്നങ്ങൾ മനസ്സിലാക്കി ഓരോ മേഖലയിലും വരുത്തേണ്ട മാറ്റങ്ങളെപ്പറ്റി മനസ്സിലാക്കുവാനായി പൊതുമേഖലാ സ്ഥാപനങ്ങളിലെ സീനിയർ ലെവൽ ഓഫീസർമാരുടെ മൂന്ന് ശില്പശാലകൾ ഈ വർഷം ബി.പി.ഇ നടത്തിയിട്ടുണ്ട്. ഇവയിൽ ഉരുത്തിരിഞ്ഞു വരുന്ന ആശയങ്ങളും ഏപ്രിൽ മാസം 25-ാം തീയതി നടത്തുന്ന മാനേജിംഗ് ഡയറക്ടർമാരുടേയും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാരുടേയും വിഷയ വിദഗ്ദരുടേയും ശില്പശാലയിൽ ഉരുത്തിരിഞ്ഞു വരുന്ന ആശയങ്ങളും ഉൾപ്പെടുത്തിക്കൊണ്ട് പുതിയ നയരൂപീകരണത്തിനുള്ള കരട് തയ്യാറാക്കുവാനായി ബി.പി.ഇ. നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 25/04/2025-ന് നടക്കുന്ന ശില്പശാലയിൽ ബഹു. മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഇത് അവതരിപ്പിച്ച് പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിൽ കൂടുതൽ മികവുണ്ടാക്കുന്നതിനുള്ള മാറ്റങ്ങൾ കൊണ്ടു വരാനുള്ള ശ്രമങ്ങൾ നടത്തി വരികയാണ്. പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി 'സ്വയംഭരണാധികാരം'' നടപ്പാക്കേണ്ട മേഖലകൾ കണ്ടെത്തി സ്വയംഭരണം നൽകുന്നതുൾപ്പെടെ സർക്കാർ കൊണ്ടു വരാനുദ്ദേശിക്കുന്ന നയവ്യതിയാനങ്ങളെപ്പറ്റി ഉള്ള

| | | | |
|---|---|---|---|
| | | | ഒരു കരട് രൂപീകരിച്ച് അതനുസരിച്ചുള്ള പ്രവർത്തനങ്ങളാണ് ഇതിലൂടെ ബി.പി.ഇ. വിഭാവനം ചെയ്തിരിക്കുന്നത്. ഇതിനോടൊപ്പം ഈ സാമ്പത്തിക വർഷത്തിൽ എ.ഐ സാങ്കേതിക വിദ്യ ഫലപ്രദമായി ഉപയോഗിക്കുന്നത് സംബന്ധിച്ചും കമ്പനീസ് ആക്ട്, ആഡിറ്റ് എന്നിവ സംബന്ധിച്ചും വിവിധ പരിശീലന പരിപാടികൾ പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്കായി ബി.പി.ഇ. നടത്തിയിട്ടുണ്ട്.<br><br>സ്ഥാപനങ്ങളുടെ പ്രവർത്തനത്തിൽ കൂടുതൽ സുതാര്യത ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായി പൊതുമേഖലാ സ്ഥാപനങ്ങളുടെ ഇന്റേണൽ ആഡിറ്റ് സംവിധാനവും സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് സംവിധാനവും പ്രത്യേക അവലോകനത്തിന് വിധേയമാക്കി ബി.പി.റ്റി മുഖേന എല്ലാ മാസവും റിപ്പോർട്ട് ചെയ്ത് വരുന്നുണ്ട്. ഇത് സംബന്ധിച്ച പുരോഗതി വിലയിരുത്തി ആവശ്യമായ നിർദേശങ്ങൾ കമ്പനികൾക്ക് നൽകി ആഡിറ്റ് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | സാമ്പത്തിക പ്രതിസന്ധി നേരിടുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ സഹായിക്കുവാൻ പ്രത്യേക പാക്കേജ് പ്രഖ്യാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ വ്യവസായ വകുപ്പിനു കീഴിലുള്ള പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ വികസന സാധ്യതകളും നിലവിലുള്ള സ്ഥിതിഗതികളും വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ ശാസ്ത്ര സാങ്കേതിക മേഖലകളിലും വിപണന രംഗത്തും ഉൾപ്പെടെ വ്യവസായ സംബന്ധിയായ സമസ്ത മേഖലകളിലും ഉണ്ടായികൊണ്ടിരിക്കുന്ന വളർച്ചയും മാറ്റങ്ങളും ഉൾകൊണ്ട് തയാറാക്കിയ മാസ്റ്റർ പ്ലാനുകളുടെ അടിസ്ഥാനത്തിലുള്ള നവീകരണ വിപുലീകരണ പദ്ധതികളാണ് സ്ഥാപനങ്ങൾ നടപ്പിലാക്കി വരുന്നത്. ഈ പദ്ധതികൾ നടപ്പിലാക്കുന്നതിനായി വാർഷിക ബഡ്ജറ്റിൽ ഉൾപ്പെടുത്തി ധനസഹായം നൽകിവരുന്നു. സർക്കാരിന്റെ പ്ലാൻ പദ്ധതികൾക്ക് പുറമെ ബാങ്കുകൾ മറ്റ് ധനകാര്യസ്ഥാപനങ്ങൾ എന്നിവയിൽനിന്ന് ധനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തി വിഭാവനം ചെയ്ത പദ്ധതികൾ പൂർത്തീകരിക്കുന്നതിനാണ് സർക്കാർ നടപടികൾ സ്വീകരിച്ചുവരുന്നത്.<br><br>മേൽ പറഞ്ഞത് കൂടാതെ സ്ഥാപനങ്ങൾക്ക് പ്രവർത്തന മൂലധന സഹായത്തിനുള്ള തുക ബഡ്ജറ്റിൽ വകയിരുത്തി നൽകിവരുന്നു. കൂടാതെ ചരിത്രത്തിൽ ആദ്യമായി സ്റ്റാറ്റ്യൂട്ടറി കുടിശ്ശിക |

തീർപ്പാക്കുന്നതിനായും സർക്കാർ സഹായം നൽകിവരുന്നു.

ടെക്സ്റ്റയിൽ സെക്ടറിലുള്ള പൊതുമേഖലയിലും സഹകരണ മേഖലയിലും പ്രവർത്തിക്കുന്ന സ്പിന്നിംഗ് മില്ലുകളുടെ പ്രവർത്തനത്തെ, പ്രധാന അസംസ്കൃത വസ്തുവായി ഉപയോഗിക്കുന്ന പരുത്തിയുടെ വിലക്കയറ്റം പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ടെക്സ്റ്റൈൽ മേഖലയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി പൊതുമേഖലയിലും സഹകരണമേഖലയിലുള്ള സ്പിന്നിങ് മില്ലുകൾക്ക് വിളവെടുപ്പ് സമയത്ത് വിലക്കുറവിൽ ഗുണമേന്മയുള്ള പഞ്ഞി വാങ്ങിക്കുന്നതിനും പഞ്ഞിയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിന് വേണ്ടി കോട്ടൺ ബോർഡ് രൂപീകരിച്ചു. കോട്ടൺ ബോർഡിന് പഞ്ഞി വാങ്ങിക്കുന്നതിനുള്ള പ്രവർത്തനമൂലധനത്തിനായി NCDC യിൽ നിന്ന് 70 കോടി രൂപ സർക്കാർ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ 2024-25 സാമ്പത്തിക വർഷം കോട്ടൺ ബോർഡിന് 10 കോടി രൂപയും വാർഷിക ബഡ്ജറ്റിൽ വകയിരുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. ധന ലഭ്യതയുടെ അടിസ്ഥാനത്തിൽ പ്രസ്തുത തുക ഘട്ടം ഘട്ടമായി നൽകി മില്ലുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

നിലവിൽ പ്രതിസന്ധി നേരിടുന്ന ട്രാക്കോ കേബിൾ കമ്പനിയുടെ അവസ്ഥ സർക്കാർ തലത്തിൽ വിലയിരുത്തുകയും അതിന്റെ ഭാഗമായി ബഹുമാനപ്പെട്ട വ്യവസായ വകുപ്പ് മന്ത്രി ബി.പി.ടി.യുമായും, സംസ്ഥാന ട്രേഡ് യൂണിയൻ നേതാക്കളുമായും, കമ്പനി യൂണിയൻ പ്രതിനിധികളുമായും ചർച്ച നടത്തുകയും ചെയ്തിട്ടുണ്ട്. നിലവിൽ കമ്പനിക്ക് 255 കോടി രൂപയുടെ ബാദ്ധ്യതയുണ്ട് എന്നാണു അറിയിച്ചിട്ടുള്ളത്. 3 കേസുകൾ എൻ.സി.എൽ.ടി കോടതിയിൽ ഉണ്ട്. വിരമിച്ച തൊഴിലാളികൾ വിരമിക്കൽ ആനുകൂല്യം ലഭിക്കുന്നതിനായി ഹൈക്കോടതിയെ സമീപിച്ചിട്ടുണ്ട്. ഈ പ്രതിസന്ധി മറി കടക്കുന്നതിനായി കമ്പനിയുടെ ഇരുമ്പനം യൂണിറ്റിലെ 35.5 ഏക്കർ പാട്ട ഭൂമി ഇൻഫോപാർക്കിനു കൈമാറുന്നതിനായി തീരുമാനിച്ചിട്ടുണ്ട്. സ്ഥലം കൈമാറ്റത്തിനെതിരെ ജീവനക്കാർ ഹൈക്കോടതിയിൽ കേസ് നൽകിയത് തുടർ നടപടികളിൽ കാലതാമസത്തിന് കാരണമായിട്ടുണ്ട്.

പൊതുമേഖലാസ്ഥാപനങ്ങളുടെ ആവശ്യം കഴിഞ്ഞ് അധികമുള്ള ഭൂമി വ്യാവസായികാവശ്യത്തിനായി

| | | | |
|---|---|---|---|
| | | | ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി കേന്ദ്ര പെട്രോളിയം കമ്പനികളുമായി ചേർന്ന് ഫ്യൂവൽ പമ്പുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഇതിനകം സ്വീകരിച്ചു. മൂന്ന് പെട്രോൾ പമ്പുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അധികഭൂമിയിൽ സെൻട്രൽ വെയർ ഹൗസിംഗ് കോർപറേഷന് ഗോഡൗൺ സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യതകളും പരിശോധിച്ച് വരികയാണ്. പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തി കൂടുതൽ മത്സരക്ഷമമാക്കുക എന്ന സർക്കാരിന്റെ ബദൽ വികസന നയത്തിന്റെ ഭാഗമായി കേന്ദ്രസർക്കാർ സ്വകാര്യവത്ക്കരിക്കാൻ തീരുമാനിച്ചിരുന്ന ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡും സംയുക്തസംരംഭമായ ഭെൽ-ഇ.എം.എൽ ഉം ഏറ്റെടുത്ത് സംസ്ഥാനസർക്കാരിന്റെ അധീനതയിലുള്ള പൊതുമേഖലാസ്ഥാപനങ്ങളാക്കി യഥാക്രമം കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ്, കെൽ-ഇ.എം.എൽ എന്ന് പുനർ നാമകരണം ചെയ്ത് പ്രവർത്തനം പുനരാരംഭിച്ച് പ്രവർത്തനപുരോഗതി കൈവരിക്കാൻ സാധിച്ചിട്ടുണ്ട്.<br><br>പരമ്പരാഗത മേഖലയുടെ വികസനത്തിന്റെ ഭാഗമായി ഉത്പന്നങ്ങളുടെ വിപണനത്തിനായി ONDCയുടെ സഹകരണത്തോടെ ഇ-കൊമേഴ്സ് പോർട്ടൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഇതോടൊപ്പം തന്നെ വ്യവസായ വകുപ്പിന്റെ അധീനതയിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി BPT യുടെ നേതൃത്വത്തിൽ കെൽട്രോണിന്റെ സാങ്കേതിക സഹായത്തോടെ **“kshoppe.in”** എന്ന പേരിൽ ഇ-കൊമേഴ്സ് പോർട്ടൽ ആരംഭിച്ച് പ്രവർത്തനം തുടർന്ന് വരുന്നു. |

സെക്ഷൻ ഓഫീസർ